# ‘താഴ്‌വരയിൽ ശക്തി നഷ്ടപ്പെട്ടവൻ’

## ന്യായാധിപന്മാർ 16:4

‘‘അതിനുശേഷം അവൻ സോരേക്ക് താഴ്‌വരയിൽ ദെലീല എന്നുപേരുള്ള സ്ത്രീയെ സ്നേഹിച്ചു.’’

‘മനോഹ’ എന്ന ദാൻ ഗോത്രക്കാരന്റെയും അവന്റെ ഭാര്യയുടെയും ജീവിതത്തിലെ ദുഃഖം കണ്ട ദൈവം അവരുടെ യാഗത്തിന്മേൽ പ്രസാദിച്ചു നൽകിയ ദാനം ആയിരുന്നല്ലോ ‘ശിംശോൻ’ എന്ന പുത്രൻ. ദൈവത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ട ശക്തനായ പുരുഷൻ. Judges 16:3 –ാം വാക്യത്തിൽ പറയുന്നത് അവൻ ഓടാമ്പലുകളോടെ കതക് പറിച്ചെടുത്ത് മലമുകളിൽ കൊണ്ടുപോയി എന്നാകുന്നു. മലമുകളിൽ നിന്ന് ശിംശോൻ പിന്നീട് സോരേക്ക് താഴ്‌വരയിലേക്ക് യാത്ര ചെയ്യുന്നു.

അതേ മലയിൽ നിന്ന് താഴ്‌വരയിലേക്കുള്ള യാത്ര, അധഃപതനത്തിന്റെയും വീഴ്ചയുടെയും മുന്നോടി ആകുന്നു. ചരിത്രം പറയുന്നു, സോരേക്ക് താഴ്‌വര ധാരാളം മുന്തിരി തോട്ടങ്ങളാൽ നിറഞ്ഞ ഒരു പ്രദേശം ആയിരുന്നു എന്നാണ്. വിശേഷപ്പെട്ട വീഞ്ഞിന് പ്രസിദ്ധി ആർജ്ജിച്ച ദേശം. വീഞ്ഞ് ലോകത്തിന്റെ ഇമ്പവും, സന്തോഷവും കാണിക്കുന്നു. അതേ ദൈവപുരുഷൻ അല്പം ആനന്ദിക്കാൻ താഴ്‌വരയിലേക്ക് ഇറങ്ങി.

ഒരു ദൈവപൈതലിന്റെ വില എന്തെന്നും, ശക്തി എന്തെന്നും സാത്താന് നന്നായി അറിയാം. ബലഹീനതയുടെയും, പ്രലോഭനത്തിന്റെയും കുഴിയിൽ ഒരു നിമിഷം വീണുപോയാൽ അവൻ നമ്മുടെ ശക്തി ചോർക്കാൻ തന്ത്രങ്ങൾ ഒരുക്കും. ദൈവമക്കളുടെ മാന്യതയ്ക്കും വിലയ്ക്കും വാദംവെയ്ക്കും എന്ന് ശിംശോന്റെ ജീവിതം നമ്മെ കാണിക്കുന്നു. സോരേക്ക് താഴ്‌വരയിൽ അവനെ വീഴ്ത്തുവാൻ ഒരു ദലീല ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. അവൻ അവിടെ വീണുപോയി. ശക്തിയുടെ രഹസ്യം ചോർന്നു പോകുന്ന കാഴ്ച കാണാം.

ജീവിതത്തിന്റെ ഓരോ കാൽചുവടുകളും ശ്രദ്ധയോടെ ക്രമീകരിപ്പാൻ കർത്താവ് കൃപ ചൊരിയണം. താഴ്‌വരയിലേക്കുള്ള ഒരു യാത്ര, നമ്മെ വീഴ്ത്തുവാൻ ഇടയാക്കരുത്. സന്തോഷത്തിനും, ഇമ്പത്തിനും നാം എവിടേക്ക് കുതിച്ചു പായുന്നു എന്ന് ശോധന ചെയ്യേണ്ടിയിരിക്കുന്നു. പതുങ്ങിയിരുന്ന് തകർക്കുവാൻ ശ്രമിക്കുന്ന ദലീലമാരെ ദൈവശക്തിയാൽ പുറത്തു കൊണ്ടുവരുവാൻ ഇടയാകണം. അവരുടെ വശീകരണത്തിലും, ഇടപാടുകളിലും കുടുങ്ങിപ്പോകാതെ, കർത്താവിന്റെ അമിതബലം മാത്രം ആശ്രയമായിരിക്കാൻ ഇടയാകട്ടെ.

നമ്മെ നിറച്ചവന്റെ നിറവ്, സമൃദ്ധി വീണ്ടെടുക്കപ്പെട്ട ദൈവപൈതലിന്റെ രക്തക്കോട്ടയുടെ വില ഇതൊന്നും മറന്നുപോകാതെ യാത്ര ചെയ്യാൻ ശ്രമിക്കാം. ദൈവികശക്തിയുടെ രഹസ്യം നിരന്തരം ആസ്വദിക്കുവാനും, അനുഭവിക്കുവാനും അനേകരിലേക്ക് പകരപ്പെടാനും നമ്മുടെ ജീവിതംകൊണ്ട് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം. അറിയാതെപോലും നിരന്തരമായ ദൈവശക്തിയുടെയും, കൃപയുടെയും ഒഴുക്ക് നഷ്ടപ്പെടാതെ രക്ഷാനിർണ്ണയം പ്രാപിച്ചവരായി ജീവിക്കാം. കർത്താവ് ഏവരെയും സഹായിക്കട്ടെ.

പരാമർശം :
1 യോഹന്നാൻ 4:1

‘പ്രിയമുള്ളവരെ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുകയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്യുവിൻ.’

സിസ്റ്റർ ബിന്ദു റെജി അയ്മനം 068